LIBRARY ARCHIVES Kerala Legislative Assembly

മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടവർ

121 (3753) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടപ്പെട്ട ബാറുകളിലും ബിവറേജ് ഔട്ട്ലെറ്റുകളിലുമായി തൊഴിൽ നഷ്ടപ്പെട്ടവർക്ക് എത്ര രൂപയുടെ സമാശ്വാസം പ്രഖ്യാപിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഇതിനകം എത്ര പേർക്ക് എത്ര തുക വീതം ആകെ എത്ര തുക സമാശ്വാസം നൽകിയെന്ന് വിശദമാക്കാമോ ;

(സി) തൊഴിൽ നഷ്ടപ്പെട്ട് ബാർ തൊഴിലാളികൾ ആത്മഹത്യയിലേക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനകം എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ഡി) കൂട്ട ആത്മഹത്യ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) അടച്ചുപൂട്ടപ്പെട്ട ബാറുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് 5000 രൂപ വീതം ഓണക്കാലത്ത് സമാശ്വാസം നൽകി. ഡിസംബർ മാസത്തിൽ 10,000 രൂപയും ആത്മഹത്യ ചെയ്ത ബാർ തൊഴിലാളികളുടെ കുടുംബത്തിന് 2 ലക്ഷം രൂപ വീതവും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇതിനകം 5851 പേർക്ക് 5000 രൂപ വീതം ആകെ 2,92,55,000 രൂപ സമാശ്വാസമായി നൽകിയിട്ടുണ്ട്.

(സി) നാല് തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബാർ ഹോട്ടലുകൾ പൂട്ടുന്നതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി 'പുനർജനി 2030' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

അട്ടപ്പാടിയിലെ സമ്പൂർണ്ണ മദ്യ നിരോധനം

122 (3754) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയ അട്ടപ്പാടിയിൽ ഇപ്പോൾ മദ്യം ലഭ്യമാണോ; ആണെങ്കിൽ എങ്ങനെയെല്ലാമാണ് മദ്യം ലഭ്യമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മദ്യത്തിന്റെ നിർമ്മാണം, വിതരണം, കൈവശംവയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര കേസ്സുകൾ അട്ടപ്പാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; എത്ര മദ്യം പിടിച്ചെടുക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട് ;

(സി) അട്ടപ്പാടിയിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വ്യാജമദ്യം കണ്ടെത്തുകയോ പിടിച്ചെടുക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മദ്യ ഉപയോഗം നിരുത്സാഹപ്പെടുത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയ അട്ടപ്പാടിയിൽ തമിഴ്നാട് TASMAC ഷോപ്പുകളിൽനിന്നും മദ്യം വ്യാജമായി കടത്തിക്കൊണ്ടുവന്ന് ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതോടൊപ്പം വ്യാജവാറ്റ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖലകളിലെ വനാന്തരങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പട്രോളിംഗും നടത്തിവരുന്നുണ്ട്.

(ബി&സി) മദ്യത്തിന്റെ നിർമ്മാണം, വിതരണം, കൈവശംവയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 397 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പ് 2014 റെയ്ഡുകൾ നടത്തുകയും 517.9 ലിറ്റർ ചാരായം, 573.96 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, 197 ലിറ്റർ അരിഷ്ടം, 1,27,217 ലിറ്റർ വാഷ് എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 90 കേസ്സുകളിലായി 65 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) അട്ടപ്പാടിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനമൈത്രി സ്ക്വാഡ് രൂപീകരിച്ചും പാലക്കാട് സ്പെഷ്യൽ സ്ക്വാഡ്, അഗളി റെയ്ഞ്ച്, മണ്ണാർക്കാട് സർക്കിൾ ഓഫീസ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പട്രോളിംഗും നടത്തിവരുന്നുണ്ട്. പോലീസ്, വനം എന്നീ വകുപ്പുകളുമായിച്ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അതിൽ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly